കേരള സംസ്ഥാന വ്യവസായ കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ

14 (*254) ശ്രീമതി കെ. കെ. ലതിക :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. സി. എച്ച് കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വ്യവസായ മേഖലയുടെ വളർച്ചയ്ക്കും വികസനത്തിനും വേണ്ടി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ ;

(ബി) കോർപ്പറേഷൻ കഴിഞ്ഞവർഷം ഏതെല്ലാം പദ്ധതികൾ പൂർത്തിയാക്കിയെന്ന് വെളിപ്പെടുത്തുമോ ;

(സി) കെ.എസ്.ഐ.ഡി.സി. പുതുതായി ഏതെല്ലാം പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത് ;

(ഡി) ലൈഫ് സയൻസ് പാർക്കിനുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ഇ) വ്യവസായ വളർച്ചാകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(എഫ്) വ്യവസായ പാർക്കുകളിലേക്കുള്ള റോഡുകളുടെ വികസനത്തിനായി നടപടി സ്വീകരിക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) ഉത്തരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) കെ.എസ്.ഐ.ഡി.സി.യുടെ സഹായത്തോടെ 2009-10 വർഷത്തിൽ താഴെപ്പറയുന്ന 13 പദ്ധതികൾ പൂർത്തിയാക്കി :

1. അബാദ് സ്പെഷ്യാലിറ്റി ഹോട്ടൽസ്, ആലപ്പുഴ
2. ആക്സിലറേറ്റഡ് ഫ്രീസ് ഡ്രയിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, ആലപ്പുഴ
3. കൽക്കി കമ്മ്യൂണിക്കേഷൻസ് ടെക് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം
4. കല്ലിയത്ത് ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം
5. ഹിൽവാലി റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഇടുക്കി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

6. ഫിലാറ്റക്സ് വെച്ചുകുന്നേൽ പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട്
7. കേരള സ്പോഞ്ച് അയൺ ലിമിറ്റഡ്, പാലക്കാട്
8. ഗ്ലാസ്സ് & ഗ്ലേസിംഗ് സിസ്റ്റം പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം
9. അസിസ്റ്റ് ഗ്ലോബൽ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്, വയനാട്.
10. ഭാരത് ഹോട്ടൽസ് ലിമിറ്റഡ്, കാസർഗോഡ്
11. കൊച്ചിൻ കാഗസ്, എറണാകുളം
12. മനോരമ ഓക്സിജൻ പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം
13. കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം

കൂടാതെ 2010-11-ൽ താഴെപ്പറയുന്ന അഞ്ച് പദ്ധതികൾകൂടി പൂർത്തിയാക്കിയിട്ടുണ്ട്.

1. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, എറണാകുളം
2. അനന്തപുരി ഹോസ്പിറ്റൽസ് ലിമിറ്റഡ്, തിരുവനന്തപുരം
3. ദേവരാഗം റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ
4. കൃഷ്ണഗാർഡൻസ് റീജൻസി പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട്
5. സിംഫണി റ്റി.വി., തിരുവനന്തപുരം

(സി) കെ.എസ്.ഐ.ഡി.സി. ബോർഡ് നിക്ഷേപ തീരുമാനമെടുത്തതും നിർമ്മാണ ഘട്ടത്തിലിരിക്കുന്നതുമായ 40 പദ്ധതികളുണ്ട്. കൂടാതെ 69465 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന 15 ബൃഹത് പദ്ധതികളും കെ.എസ്.ഐ.ഡി.സി. ഏറ്റെടുത്തിട്ടുണ്ട്. വിശദാംശം അനുബന്ധം 2,3 ആയി ചേർത്തിട്ടുണ്ട്. *

(ഡി) ലൈഫ് സയൻസ് പാർക്കിനുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. പാർക്കിനുവേണ്ടി സ്ഥലം നൽകുവാൻ തയ്യാറായിട്ടുള്ള ഉടമസ്ഥർക്ക് നിശ്ചയിച്ച തുക നൽകി തിരുവനന്തപുരം ജില്ലാകളക്ടർ സ്ഥലം ഏറ്റെടുക്കൽ നടപടി ആരംഭിച്ചുകഴിഞ്ഞു. ആയതിലേക്കായി കേരള സർക്കാർ അനുവദിച്ച 40 കോടി രൂപയിൽ 20 കോടി രൂപ കെ.എസ്.ഐ.ഡി.സി.-ക്ക് നൽകുകയും പ്രസ്തുത തുക ജില്ലാകളക്ടർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

(ഇ) കെ.എസ്.ഐ.ഡി.സി-യുടെ ആഭിമുഖ്യത്തിലുള്ള ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ വ്യവസായ വളർച്ചാകേന്ദ്രങ്ങളിൽ മലപ്പുറം കേന്ദ്രം ഇൻകെലി-ന്റെ കൂടി സംയുക്ത സംരംഭമായ ഇൻകിഡ്-ന് കൈമാറിയിരിക്കുകയാണ്. കോഴിക്കോട് വ്യവസായ വളർച്ചാകേന്ദ്രത്തിൽ ഒരു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഫുട്ട്വെയർ പാർക്ക്, ഒരു ഫുഡ് പാർക്ക് എന്നിവ സ്ഥാപിക്കുന്നതിന് നടപടികളെടുത്തു. കണ്ണൂർ വ്യവസായ വളർച്ചാകേന്ദ്രത്തിന്റെ വികസനത്തിനായി 372 ഏക്കർ ഭൂമികൂടി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴയിലും കോഴിക്കോട്, കണ്ണൂർ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ദ്രുതഗതിയിൽ പൂർത്തിയായി കൊണ്ടിരിക്കുന്നു.

(എഫ്) സ്വീകരിക്കുന്നതാണ്.

പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനായി എസ്.എസ്.എ. നടത്തുന്ന പ്രവർത്തനങ്ങൾ

15. (*255) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനായി സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുടെ പ്രവർത്തനം എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അദ്ധ്യാപക ശാക്തീകരണത്തിനായി എസ്.എസ്.എ. നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(സി) വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി പ്രയോജനപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(ഡി) വിദ്യാലയങ്ങളിൽ ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ പഠനനിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ഇ) പൊതു വിദ്യാഭ്യാസ മേഖലയിൽ എസ്.എസ്.എ. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) വിദ്യാഭ്യാസ ഗുണനിലവാരമുയർത്തുന്നതിനായി സർവ്വശിക്ഷാ അഭിയാൻ പദ്ധതി മുഖേന നടപ്പിലാക്കിവരുന്ന വിവിധ പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അവ താഴെ വിവരിക്കുന്നു :

- ഇംഗ്ലീഷ് പഠനത്തിൽ മുന്നേറ്റമുണ്ടായി
- ശാസ്ത്രാവബോധം വർദ്ധിപ്പിക്കാൻ വഴിയൊരുക്കി

LIBRARY ARCHIVES Kerala Legislative Assembly